# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 7226 — 11/07/2014 -ൽ മറുപടിക്ക്

**ആധാരവിവരങ്ങൾ കമ്പ്യൂട്ടറിലാക്കുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഹൈബി ഈഡൻ<br>,, കെ. ശിവദാസൻ നായർ<br>,, സി.പി. മുഹമ്മദ്.<br>,, വർക്കല കഹാർ. | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) ആധാരവിവരങ്ങൾ കമ്പ്യൂട്ടറിലാക്കുന്നതിനുള്ള ഡാറ്റാ എൻട്രി ജോലികൾ സബ് രജിസ്ട്രാർ ഓഫീസുകളിൽ ആരംഭിച്ചിട്ടുണ്ടോ എന്നറിയിക്കുമോ ; | എ) ആരംഭിച്ചിട്ടുണ്ട്. മൂന്ന് ജില്ലകളിലെ സബ് രജിസ്ട്രാർ ഓഫീസുകളിൽ ഡേറ്റാ എൻട്രി ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ; | ബി) ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ മാന്വലായി തയ്യാറാക്കി നൽകുമ്പോൾ അതിന് 14 ദിവസം വരെ കാലതാമസം നേരിട്ടിരുന്നു.<br><br>ആധാര വിവരങ്ങൾ ഡേറ്റാ എൻട്രി ചെയ്യുന്നതുമൂലം കക്ഷി അപേക്ഷിക്കുന്നതിന്റെ പിറ്റേന്നുതന്നെ ബാദ്ധ്യതാ സർട്ടിഫിക്കറ്റ് നൽകുവാൻ കഴിയുന്നതാണ്. കൂടാതെ ഇ-പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തുന്നതോടെ ഓൺലൈനായിതന്നെ ബാദ്ധ്യതാ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള സൗകര്യവും ലഭിക്കുന്നതാണ്. |
| സി) എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് ഇതിനായി ലഭിക്കുന്നതെന്ന് വിശദമാക്കുമോ ; | സി) കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ലാന്റ് റെക്കോർഡ്സ് മോഡേണൈസേഷൻ പ്രോഗ്രാം പ്രകാരം 25% കേന്ദ്രസഹായമാണ് പദ്ധതി നടപ്പിലാക്കുന്നതിനായി ലഭിക്കുന്നത്. |
| ഡി) ഇവ നടപ്പാക്കുന്നതിൽ എത്രമാത്രം പുരോഗതി കൈവരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | ഡി) ഡേറ്റാ എൻട്രി ജോലികൾ ഘട്ടം ഘട്ടമായിട്ടാണ് നടപ്പിലാക്കിവരുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ലാന്റ് റെക്കോർഡ്സ് മോഡേണൈസേഷൻ പ്രോഗ്രാം പ്രകാരം ഓരോ വർഷവും ലഭിക്കുന്ന തുകയുടെ |

തോതനുസരിച്ചാണ് പദ്ധതി നടപ്പിലാക്കിവരുന്നത്. ഈ പദ്ധതി പ്രകാരം തിരുവനന്തപുരം, കൊല്ലം, മലപ്പുറം എന്നീ ജില്ലകളിലെ 103 സബ് രജിസ്ട്രാർ ഓഫീസുകളിൽ ഡേറ്റാ എൻട്രി ജോലികൾ പൂർത്തീ കരിച്ചു. എറണാകുളം, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിലെ ഡേറ്റാ എൻട്രി ജോലികൾ പുരോഗമിക്കുന്നു.

സെക്ഷൻ ഓഫീസർ.